# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.8/270/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 10/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
3.അസി.ഡവലപ്മെന്റ് കമ്മീഷണർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ-പി.കെ.ഡി.8/270/2023 തീയ്യതി: 10/04/2023

# പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 25-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-12-2022 | 31-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-12-2022 | 31-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ലീലാമണി.സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജിനീഷ്.കെ.സി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഗിരിജ.സി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ഡോ.ജയശ്രീ.ബി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജയന്ത്.വി.ആർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.വി.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശിശിര.ജി.ദാസ് | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സാനുകുട്ടൻ.സി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 15-11-2021 |
| ശ്രീ.വിനോദ്. എം.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15-11-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.എ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-10-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ക്ഷീര വികസന ഓഫീസർ | 31-10-2021 | 31-03-2022 |
| ശ്രീ.അതുൽ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-01-2022 |
| ശ്രീ.റഷീദ്.എൻ | വ്യവസായ വികസന ഓഫീസർ | 01-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | നെമ്മാറ സി.എച്ച്.സി ISO വത്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-9 |
| 10 | വജ്ര ജൂബിലി ഫെല്ലോഷിപ്പ്- അപാകതകൾ | 1-10 |
| 11 | വ്യവസായ വികസന ഓഫീസർ - പദ്ധതി നടപ്പാക്കിയില്ല | 1-11 |
| 12 | ലൈഫ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-12 |
| 13 | പാലിയേറ്റീവ് കെയർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-13 |
| 14 | പാലിയേറ്റീവ് കെയർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-13-1 |
| 15 | പാലിയേറ്റീവ് കെയർ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-13-2 |
| 16 | വനിതാകാന്റീൻ ഫർണീച്ചർ വാങ്ങൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 17 | കോവിഡ് പ്രതിരോധമരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല. | 1-15 |
| 18 | ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 19 | ഡെപ്പോസിറ്റ് വർക്കുകൾ- KSEB - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-16-1 |
| 20 | ഡെപ്പോസിറ്റ് വർക്കുകൾ (KWA)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-16-2 |
| 21 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങി | 1-17 |
| 22 | സൗഖ്യം പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-18 |
| 23 | പ്രിൻറ്റർ വാങ്ങൽ - ക്വട്ടേഷൻ മുഖേന നടത്തിയിട്ടില്ല | 1-19 |
| 24 | പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |

| | | |
|---|---|---|
| 25 | ഐ.കെ.എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-21 |
| 26 | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി കഴിഞ്ഞിട്ടും വാഹനം അനുവദിച്ചു | 1-22 |
| 27 | പഠനമുറി - മൂന്ന് ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 28 | സ്മാർട്ട് അംഗൺവാടി- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-24 |
| 29 | പദ്ധതി പ്രവർത്തനങ്ങളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-24-1 |
| 30 | ബില്ലിൽ നിന്നും ടി.ഡി. എസ് കുറവ് ചെയ്തിട്ടില്ല | 1-24-2 |
| 31 | GeM മുഖേനയുള്ള വാങ്ങലിനുള്ള സാധ്യത പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല | 1-24-3 |
| 32 | കെൽട്രോൺ മുഖേനയുള്ള വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വജ്ര ജൂബിലി ഫെല്ലോഷിപ്പ്- സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-1 |
| 2 | നെമ്മാറ സി.എച്ച്.സി ISO വത്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് തുക നൽകിയതിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

17/02/2021ലെ ഭരണസമിതി തീരുമാനം നം. 2/1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പെടെ 98037260/- രൂപയും, ചെലവ് 97210250/- രൂപയും നീക്കിയിരിപ്പ് 827010/- രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.22 | 24-05-2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34613209 |
| വരവ് | 105216154 |
| ആകെ | 139829363 |
| ചെലവ് | 104129049 |
| നീക്കിയിരിപ്പ് | 35700314 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 36085008 | 36085008 | 34193482 | 1891526 |
| വികസന ഫണ്ട്-SCP | 0 | 22561714 | 22561714 | 16268148 | 6293566 |
| വികസന ഫണ്ട്-TSP | 0 | 3144700 | 3144700 | 2031155 | 1113545 |
| മെയിന്റനൻസ് ഗ്രാന്റ് NR | 0 | 13142929 | 13142929 | 7150551 | 5992378 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ഗ്രാന്റ്-New | 0 | 6466188 (*) | 6466188 | 5894823 | 571365 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ( Tied )-New | 0 | 9551000 | 9551000 | 1920582 | 7630418 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് ഗ്രാന്റ്-Spillover | 0 | 739648 | 739648 | 739648 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് -Spillover | 0 | 7402909 | 7402909 | 4690779 | 2712130 (ലാപ്സ് ആയത്) |

(*) വരവ്-6368000 + പലിശ- 98188 =6466188

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 286176 | 128834 | 415010 | 120415 | 294595 |
| IWMP | 5852118 | 2613469 | 8465587 | 7552899 | 912688* |

*21-10-2021 ന് 912688/- രൂപ പ്രോജക്ട് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 125 | 165945219 | 89 | 74287296 | 0 | 36 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 2 | 2 | 9250000 | 9236133 | 99.8 |
| എസ്.സി.ഡി.ഓ | 2 | 2 | 2630000 | 2404867 | 91.4 |
| സി.ഡി.പി.ഓ | 7 | 7 | 7156188 | 6766669 | 94.5 |
| സെക്രട്ടറി | 31 | 24 | 87080090 | 27522803 | 31.6 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 68 | 40 | 48934390 | 19831569 | 40.5 |
| മെഡിക്കൽ ഓഫീസർ CHC | 9 | 9 | 6210551 | 6208282 | 99.9 |
| ക്ഷീര വികസന ഓഫീസർ/ എസ്.വി.എസ് | 5 | 5 | 3984000 | 2316973 | 58.1 |
| ഐ.ഇ.ഒ | 1 | 0 | 700000 | 0 | 0 |
| ആകെ | 125 | 89 | 165945219 | 74287296 | 44.8 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.22 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവ് ഉണ്ടായിരുന്നില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിച്ചിട്ടുണ്ട്. അതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലെങ്കിലും ഓരോ ഇനം ചെലവും നടത്തുമ്പോൾ ബജറ്റിൽ അനുവദിച്ച തുകയേക്കാൾ ചെലവ് അധികരിക്കാതിരിക്കുന്നതിന് അക്കൗണ്ടന്റ് ശ്രദ്ധിച്ചിട്ടുണ്ട്.

നിയമാനുസൃതം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും തൽസമയം അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. രസീതുകളുടെ സൂക്ഷിപ്പും മേൽനോട്ടവും തൃപ്തികരമാണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് മതിയായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട് .

പേമെന്റുകളെല്ലാം ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെട്ടിട്ടുണ്ട്. വൗച്ചറുകളോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകൾ സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടുണ്ട്. കണക്കുകൾ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-10-2022 മുതൽ 27-10-2022 വരെ | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-03-2022 മുതൽ 02-04-2022 വരെ | 04/2016 മുതൽ 02/2022 വരെ | 27-05-22 |

## 1-9 നെമ്മാറ സി.എച്ച്.സി ISO വത്കരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 80/22, നെമ്മാറ സി.എച്ച്.സി ISO വത്കരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | ₹1300000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | ₹1300000/- |
| ബിൽ നം തിയതി | 1) 15/27.08.21, ₹92363/-<br>2) 16/27.08.21, ₹39973/-<br>3) 17/17.09.21, ₹14200/-<br>4) 18/17.09.21, ₹46800/-<br>5) 24/30.10.21, ₹27000/-<br>6) 26/10.11.21, ₹95000/-<br>28/26.11.21, ₹44162/-<br>7) 30/24.12.21, ₹49560/-<br>8) 32/06.01.22, ₹17528/-<br>9) 34/06.01.22, ₹57125/-<br>10)35/16.01.22, ₹58500/-<br>11) 44/15.02.22, ₹101674/- |

| | |
|---|---|
| | 12) 47/16.02.22, ₹40000/-<br>13) 48/22.02.22, ₹40979/-<br>14) 49/23.02.22, ₹150645/-<br>15) 50/04.03.22, ₹9796/-<br>16) 51/04.03.22, ₹49190/-<br>17) 53/04.03.22, ₹57000/-<br>18) 56/22.03.22, ₹126673/-<br>19) 57/25.03.22, ₹8741/-<br>20) 58/25.03.22, ₹72000/-<br>21) 59/25.03.22, ₹26867/-<br>22) 61/27.03.22, ₹28608/-<br>23) 62/27.03.22, ₹33753/-<br>24) 63/27.03.22, ₹11863/- |

നെമ്മാറ സി.എച്ച്.സി ISO വത്കരിക്കുക എന്നതാണ് പദ്ധതി.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1) ISO വത്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ നെമ്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ചെയ്യുകയും തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ക്വട്ടേഷൻ ക്ഷണിച്ച് വിവിധ സ്ഥാപനങ്ങൾക്ക് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. വിവിധ ഏജൻസികൾക്ക് പ്രവൃത്തികൾ എല്പിച്ചതിനും ബന്ധപ്പെട്ട ക്വട്ടേഷൻ തെരഞ്ഞെടുത്തതിനും ഭരണസമിതിയുടെ അംഗീകാരം ലഭ്യമായതായി കാണുന്നില്ല. സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തികളും പൂർത്തിയായതു സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തി ചെയ്തവരുടെ വിവരം | തുക (₹) |
|---|---|---|
| പ്ലംബിങ്ങ് | നൈസ് ഇലക്ട്രിക്കൽസ്, വടക്കഞ്ചേരി- സുരേഷ്.സി | 92363 |
| ഇലക്ട്രിക്കൽ വർക്ക് | നൈസ് ഇലക്ട്രിക്കൽസ്, വടക്കഞ്ചേരി- സുരേഷ്.സി | 39973 |
| പെയിന്റിങ്ങ് | എല്ലോറ ആർട്ട്സ്, വടവന്നൂർ | 46800 |
| ഔഷധസസ്യ ഗാർഡൻ നിർമ്മാണം | രാജൻശില്പി, ഗ്രാമപ്പറമ്പ്, മേലാർകോട് | 27000/- |
| പെയിന്റിങ്ങ് | ജലീൽ, മന്നിയംകോട്, തെക്കുമുറി, പുതിയങ്കം | 95000/- |
| സൈൻ ബോർഡ് സ്ഥാപിക്കൽ | റാം ആർട്ട്സ്, കൽവകുളം, പാലക്കാട് | 42325/- |
| അലുമിനിയം ഫാബ്രിക്കേഷൻ | സുരേഷ് ഇലക്ട്രിക്കൽസ്, പയ്യാംകോട്, കയറാടി | 49560/- |
| അലുമിനിയം ഫാബ്രിക്കേഷൻ | സുരേഷ് ഇലക്ട്രിക്കൽസ്, പയ്യാംകോട്, കയറാടി | 57000/- |
| കോൺഫറൻസ് ഹാൾ സീലിങ്ങ് വർക്ക് | സുരേഷ് ഇലക്ട്രിക്കൽസ്, പയ്യാംകോട്, കയറാടി | 72000/- |

2) ബിൽ നമ്പർ 17/17.09.21, തുക.14200/- പ്രകാരം 6500/- രൂപ കടമ്പഴിപ്പുറം എന്ന സ്ഥലത്തേയ്ക്ക് യാത്ര ചെയ്ത വകയിൽ വാഹനവാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്ത് ആവശ്യത്തിനാണ് യാത്ര ചെയ്തത് എന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3) പെയിന്റിങ്ങ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും, സ്ക്വയർ മീറ്ററിന് 23/- രൂപ നിരക്കിൽ ചെയ്തു തരാമെന്ന് സമ്മതിച്ച എല്ലോറ ആർട്ട്സ്, വടവന്നൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ നം. 18/17.09.21 പ്രകാരം 46800/- രൂപ പെയിന്റിങ്ങ് ചെയ്തതിന് നൽകിയിട്ടുണ്ട്. എത്ര സ്ക്വയർ മീറ്റർ പെയിന്റിങ്ങ് ചെയ്തു എന്നത് സംബന്ധിച്ച രേഖകളും ചെലവ് രേഖകളും ഫയലിൽ ലഭ്യമല്ല. പെയിന്റിങ്ങ് പൂർത്തിയായതു സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

4) സി.എച്ച്.സി ഔഷധ സസ്യഗാർഡൻ നിർമ്മിക്കുന്നതിനായി 28.10.21 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 20.10.21 ന് ക്വട്ടേഷൻ ഓപ്പൺ ചെയ്യുകയും ചെയ്തതായി ഫയലിൽ കാണുന്നു. രണ്ടു തിയതികളിലെയും വൈരുദ്ധ്യം ശ്രദ്ധിക്കേണ്ടതാണ്. ഔഷധ സസ്യഗാർഡൻ നിർമ്മിച്ചതിന് 27000/- രൂപ ബിൽ നമ്പർ 24/30.10.21 തിയതി പ്രകാരം നൽകിയിട്ടുണ്ട്. എന്തെല്ലാം ഇനത്തിലാണ് തുക ചെലവായത് എന്നതിന്റെ ചെലവ് രേഖകളും ഔഷധ സസ്യഗാർഡൻ പൂർത്തിയായതു സംബന്ധിച്ച വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ബിൽ നം. 28/26.11.21 പ്രകാരം 7875/- രൂപ ഹെർബൽ ഗാർഡനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 4875/- രൂപയുടെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 3000/- രൂപയുടെ ബിൽ ഹാജരാക്കിയില്ല.

6) സ.ഉ(എം.എസ്)നം.18/2015/തസ്വഭവ, തിയതി.29.01.15 ഉത്തരവിലെ ഖണ്ഡിക 6.IV & V പ്രകാരം ഐ.എസ്.ഒ കൺസൾട്ടന്റിനെ നിയോഗിക്കുന്നതിനും സർഫിക്കേഷൻ ബോഡിയെ നിയോഗിക്കുന്നതിനും പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഐ.എസ്.ഒ കൺസൾട്ടന്റുമായി സേവന വ്യവസ്ഥകൾ സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രോജക്ട് നാലു മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്.

ഐ.എസ്.ഒ കൺസൾട്ടന്റിനെ നിയോഗിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെയും കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഐ.എസ്.ഒ കൺസൾട്ടന്റ് ഫീസായി 58500/- രൂപയും ടി.എ ഇനത്തിൽ 14000/- രൂപയും TFM Solutions, വെണ്ണല(പി.ഒ), കൊച്ചി എന്ന സ്ഥാപനത്തിന് ആകെ ₹72500/- നൽകിയിട്ടുണ്ട്.

ഖണ്ഡിക 5.3(V) പ്രകാരം കൺസൾട്ടന്റിനു നൽകാവുന്ന പരമാവധി ഫീ 60000/- രൂപയാണ്. അധികമായി 12500/- രൂപ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

7) മേൽ ഉത്തരവിലെ അനുബന്ധം 6 പ്രകാരം സർവീലൻസ് ഓഡിറ്റ് ഫീ പരമാവധി 25000/- രൂപയാണ്. ടാറ്റാ പ്രോജക്ട്സ് ക്വാളിറ്റി സർവീസസ്, ബെഗുംപേട്ട്, ഹൈദ്രാബാദ് എന്ന സ്ഥാപനത്തിന് 40000/- രൂപ സർവീലൻസ് ഓഡിറ്റ് ഫീയായി 47/16.02.22 ബിൽ പ്രകാരം നൽകിയിട്ടുണ്ട്. അധികമായി 15000/- രൂപ നൽകി.

8) 40979/- രൂപയ്ക്ക് സർജിക്കൽ ഉപകരണങ്ങൾ വെസ്റ്റേൺ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

9) സ്ഥാപനത്തിന് ISO സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

10) ISO സർട്ടിഫിക്കേഷൻ എന്ന പദ്ധതിയുടെ ഭാഗമായി 13 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 1271392/- രൂപയുടെ രേഖകളാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. 28608/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17/04.01.23) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതാണ്.

2) ചെലവ് രേഖകളുടെ അഭാവത്തിൽ 111908/- രൂപ (6500+46800+27000+3000+28608) തടസ്സപ്പെടുത്തുന്നു.

3) മേൽ ഖണ്ഡിക 6,7 എന്നിവയിൽ പറഞ്ഞ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഈ തുക ₹27500/- (12500+15000)ഓഡിറ്റിൽ നിരാകരിക്കുന്നു.

1-10 വജ്ര ജൂബിലി ഫെല്ലോഷിപ്പ്- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | 6/22- (വജ്രജൂബിലി ഫെല്ലോഷിപ്പ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 330000/- (വികസന ഫണ്ട്) |
| ചെലവ് | 190000/- |
| ബിൽ നം | 16/13.09.21, തുക.50000/-<br>24/19.10.21, തുക.40000/-<br>43/20.02.22, തുക.100000/- |

നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആളുകൾക്ക് കലാപരമായ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി താത്പര്യമുള്ള ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുകയും, ആയതിന് ഓണറേറിയം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

2021-22 വർഷത്തിൽ വജ്രജൂബിലി ഫെല്ലോഷിപ്പ് അനുവദിച്ചതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 31.05.2019 -തിയതിയിലെ പി.1-8305/18/സാം.വ നമ്പർ കത്ത് പ്രകാരം വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരമുള്ള കലാകാരൻമാരെ വിന്യസിച്ചിട്ടുള്ളതായാണ് ഫയലിൽ കാണുന്നത്.

| ക്രമ നമ്പർ | കലാപ്രവർത്തകരുടെ പേര് | ഫെല്ലോഷിപ്പ് നമ്പർ | ഫെല്ലോഷിപ്പ് ലഭിച്ച തുടങ്ങിയ തിയതി |
|---|---|---|---|
| 1 | നിധിൻ ആനന്ദ്.സി.വി | FLW/2018/619 | 05.09.18 |
| 2 | വൈശാഖ്.ആർ | FLW/2017/489 | 15.03.18 |
| 3 | ഐശ്വര്യ.എം.പി | FLW/2017/223 | 16.03.18 |
| 4 | ഹരിത.പി.ജെ | FLW/2017/455 | 15.03.18 |
| 5 | രാജീവ്.വി.വി | FLW/2018/1209 | 14.03.18 |

ക്രമ നമ്പർ 2 പ്രകാരമുള്ള വൈശാഖ് എന്ന കലാകാരന് പകരമായി സ്പർശ എന്ന കലാകാരിയാണ് ക്ലസ്റ്ററിൽ ഉള്ളതും ടിയാൾക്കാണ് ഫെല്ലോഷിപ്പ് നൽകിയിട്ടുള്ളതും. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ ഉത്തരവിൽ പരാമർശിക്കാത്ത സ്പർശ എന്നയാൾക്ക് താഴെപ്പറയും പ്രകാരം ഫെല്ലോഷിപ്പ് നൽകിയിട്ടുണ്ട്.

| ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുള്ള മാസം | തുക |
|---|---|
| ഏപ്രിൽ, മെയ് 2021 | 10000/- |
| ജൂൺ ,ജൂലൈ 2021 | 10000/- |
| ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ 2021 | 25000/- |
| ആകെ | 45000/- |

സ്പർശ എന്ന കലാകാരിയ്ക്ക് ഫെല്ലോഷിപ്പ് അനുവദിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടായതിനാൽ,

45000/- രൂപ നഷ്ടമായി കണക്കാക്കുന്നു.

2) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 06.07.2021 -തിയതിയിലെ സ.ഉ.(കൈ)നം.17/2021/സാം.കാ.വ നമ്പർ ഉത്തരവിൽ ഫെല്ലോഷിപ്പ് പദ്ധതിയിൽ നിലവിൽ മൂന്ന് വർഷ കാലാവധി പൂർത്തിയായവർക്ക് കലാകാരൻമാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് വേണ്ടി വരുന്ന നാലുമാസക്കാലയളവ് പരിഗണിച്ച് സെപ്തംബർ 30 വരെയും നിലവിൽ മൂന്നുവർഷം പൂർത്തിയാകാത്തവർക്ക് 2021 സെപ്തംബർ 30 അല്ലെങ്കിൽ 3 വർഷം പൂർത്തിയാകുന്നതോ ഏതാണോ അവസാനം വരുന്നത് അത് വരെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുന്നു എന്നാണ് പരാമർശിക്കുന്നത്.

ഹരിത.പിജെ, ഐശ്വര്യ.എം.പി എന്നീ കലാകാരികളുടെ ഫെല്ലോഷിപ്പ് 2021സെപ്തംബർ 30 ന് അവസാനിച്ചിട്ടും 2021ഡിസംബർ വരെ ഫെല്ലോഷിപ്പ് നൽകിയിട്ടുണ്ട്. ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മൂന്ന് മാസങ്ങളിലെ ഫെല്ലോഷിപ്പ് തുകയായ 15000/- രൂപ വീതം ഹരിത.പിജെ, ഐശ്വര്യ.എം.പി എന്നീ രണ്ട് കലാകാരികളുടെ ആകെ ഫെല്ലോഷിപ്പ് തുകയായ 30000/- രൂപ നഷ്ടമായി കണക്കാക്കുന്നു.
ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.15/03.01.2023) മറുപടി ലഭിച്ചിട്ടില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 75000/- (45000+30000) രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-11 വ്യവസായ വികസന ഓഫീസർ - പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 73/22 (വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| അടങ്കൽ | 700000/- ( വികസന ഫണ്ട് SCP-600000/-,<br>മറ്റുള്ളവ-100000/-) |
| ചെലവ് | 0/- |

2021-22 വർഷത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥൻ ആയി ഒരു പദ്ധതി (പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ) മാത്രമാണ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ആ പദ്ധതി പോലും ടി വർഷം നടപ്പാക്കിയിട്ടില്ല.
ഡി.ഡി.ഒ കോഡ് ഇല്ലാത്തതിനാലാണ് പദ്ധതി നടപ്പാക്കാതിരുന്നതെന്നും സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ (പ്രോജക്ട് നം.72/22) നടപ്പാക്കിയിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/27.12.22) ലഭിച്ച മറുപടി.
പ്രോജക്ടുകൾ അതത് വർഷം തന്നെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ലൈഫ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ലൈഫ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട 2 പ്രോജക്ടുകൾ പ്രകാരം നെമ്മാറ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ലൈഫ് ബ്ലോക്ക് വിഹിതം - ജനറൽ

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം- 4/22

അടങ്കൽ – ₹3297000 ( വികസന ഫണ്ട് ജനറൽ)

ചെലവ് – ₹3297000

2021-22 വർഷത്തിൽ നെമ്മാറ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന നിർമ്മാണത്തിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ആകെ 3297000 രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചതിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക ₹ | റിമാർക്സ് |
|---|---|---|
| എലവഞ്ചേരി | 760000 | 320000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി |
| നെമ്മാറ | 1710000 | - |
| പല്ലശ്ശന | 180000 | - |
| ആകെ | 2650000 | - |

2. ലൈഫ് ബ്ലോക്ക് വിഹിതം (എസ്.സി.പി)

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം. - 5/22

അടങ്കൽ -₹6728937 (വികസനഫണ്ട്-എസ്.സി.പി)

ചെലവ് -₹6716457

2021-22 വർഷത്തിൽ നെമ്മാറ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പട്ടികജാതി വിഭാഗത്തിന് ലൈഫ് ഭവന നിർമ്മാണത്തിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ആകെ 6716457 രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചതിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക ₹ |
|---|---|
| എലവഞ്ചേരി | 80000 |
| നെന്മാറ | 1000000 |
| പല്ലശ്ശന | 2580000 |
| മേലാർകോട് | 6457 |
| ആകെ | 3666457 |

മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയ തുക ഗ്രാമപഞ്ചായത്തുകൾ വിനിയോഗിച്ചതിന്റെ /പുരോഗതിയുടെ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.
ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/31.12.22) മറുപടി ലഭിച്ചത്.
തുക ഗ്രാമപഞ്ചായത്തുകൾ വിനിയോഗിച്ചതിന്റെ /പുരോഗതിയുടെ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-13 പാലിയേറ്റീവ് കെയർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ

വിനിയോഗ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13-1 പാലിയേറ്റീവ് കെയർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 127/22- (പാലിയേറ്റീവ് കെയർ- വിഹിതം നൽകൽ-SO) |
| അടങ്കൽ | 1000000/-(500000-വികസനഫണ്ട്(ജനറൽ), 500000-ഗ്രാമപഞ്ചായത്ത് വിഹിതം) |
| ചെലവ് | 500000/-വികസനഫണ്ട്(ജനറൽ) |

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി നെമ്മാറ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ ബ്ലോക്ക് വിഹിതം (Rs.) | സാങ്ഷൻ നം./ തിയതി |
|---|---|---|
| പല്ലശ്ശന | 150773 | 57/25.06.21 |
| | 36683 | 58/25.06.21 |
| | 40552 | 59/25.06.21 |
| | 32686 | 60/25.06.21 |
| എലവഞ്ചേരി | 43690 | 245/09.03.22 |
| അയിലൂർ | 195616 | 123/15.12.21 |

ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം6/30.12.22) ലഭിച്ച മറുപടി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-13-2 പാലിയേറ്റീവ് കെയർ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 13/22 (പാലിയേറ്റീവ് കെയർ- വിഹിതം നൽകൽ) |
| അടങ്കൽ | 700000/- (വികസന ഫണ്ട്) |
| ചെലവ് | 691055/- |

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | സാങ്ഷൻ നം തിയതി |
|---|---|---|
| പല്ലശ്ശന | 184996 | 1)18/28.06.21, തുക.33492 2)139/28.11.21, തുക.45632 3) 276/24.02.22, തുക.33192 4) 230/26.01.22, |

| | | |
|---|---|---|
| | | തുക.34906<br>5)163/17.12.21,<br>തുക.37774 |
| നെമ്മാറ | 226634 | 1)127/09.11.21,<br>തുക.47042<br>2)128/09.11.21,<br>തുക.34684<br>3) 158/17.12.21,<br>തുക.41461<br>4) 275/24.02.22,<br>തുക.36467<br>5) 191/01.01.22,<br>തുക.35430<br>6) 159/17.12.21,<br>തുക.31550 |
| മേലാർകോട് | 179425 | 1)298/15.03.22,<br>തുക.40535<br>2)274/24.02.22,<br>തുക.34384<br>3)231/26.01.22,<br>തുക.34916<br>4)192/01.01.22,<br>തുക.69590 |
| എലവഞ്ചേരി | 100000 | 1)138/28.11.21,<br>തുക.100000 |
| ആകെ | 691055 | |

ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-9/30.12.22) ലഭിച്ച മറുപടി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 വനിതാകാന്റീൻ ഫർണീച്ചർ വാങ്ങൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 125/22 (നെമ്മാറ സി.എച്ച്.സി വനിതാകാന്റീൻ ഫർണീച്ചർ വാങ്ങൽ - SO) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 60843/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 60828/- |
| ബിൽ നം/തിയതി | 43/09.02.22, തുക.60828/- |

ചെലവ് പത്രിക പരിശോധിച്ചതിൽ, നെമ്മാറ സി.എച്ച്.സി വനിതാകാന്റീൻ ഫർണീച്ചർ വാങ്ങുന്നതിനായി 60828/- ചെലവഴിച്ചതായി കാണുന്നു. എന്നാൽ ചെലവ് രേഖകളും അത് സംബന്ധിച്ച ഫയലും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/03.01.2023) മറുപടി നൽകിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 60828/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 കോവിഡ് പ്രതിരോധമരുന്നുകൾ മുഴവനും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 171/22 (കോവിഡ് പ്രതിരോധം-മരുന്ന് വാങ്ങൽ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 750000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 750000/- |
| ബിൽ നം/തിയതി | Sanction No.250/10.02.22<br>UTR No.R032201457985<br>തുക.320804/- |

171/22 പ്രോജക്ടിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 750000/- രൂപ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.
ടി പ്രോജക്ടിന്റെ ഭാഗമായി കോവിഡ് പ്രതിരോധ മരുന്നുകൾ വാങ്ങുന്നതിനായി 320804/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 10.02.22-ന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/03.01.23) മറുപടി നൽകിയിട്ടില്ല.
മുഴുവൻ മരുന്നുകളും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ഡെപ്പോസിറ്റ് വർക്കുകൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-16-1 ഡെപ്പോസിറ്റ് വർക്കുകൾ- KSEB - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം/ സാങ്ഷൻ നം/തീയതി |
|---|---|---|---|
| 1 | 14/22, വിവിധ കോളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ- പല്ലശ്ശന ഗ്രാമപഞ്ചായത്ത്<br>( കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ്) | KSEB, വടവന്നൂർ- 188800<br>KSEB,പുതുനഗരം-31034<br>KSEB,കുനിശ്ശേരി- 453715<br>ആകെ- 673549 | 374/30.03.22 |
| 2 | 135/22, പൂളപറമ്പ് കോളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ- പല്ലശ്ശന ഗ്രാമപഞ്ചായത്ത്<br>(കെ.എസ്.ഇ.ബി, വടവന്നൂർ) | 484626/- | 260/16.02.22 |
| 3 | 141/22, ചാമപ്പറമ്പ് വൈദ്യുതി ലൈൻ നീട്ടൽ- പല്ലശ്ശന ഗ്രാമപഞ്ചായത്ത്<br>(കെ.എസ്.ഇ.ബി, വടവന്നൂർ) | 492528/- | 258/16.02.22 |
| 4 | 142/22, പുല്ലുകാട് പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണം- നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്<br>(കെ.എസ്.ഇ.ബി,നെല്ലിയാമ്പതി) | 992000/-<br>1039155/- | 28/27.11.21<br>തുക.992000/-<br>38/19.01.22<br>തുക.1039155/- |
| 5 | 177/22, അയിലൂർ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 9 വരെയുള്ള വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ<br>(കെ.എസ്.ഇ.ബി, കയറാടി) | 499970/- | 272/24.02.22 |

| | | | |
|---|---|---|---|
| 6 | 178/22, നെമ്മാറ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതിലൈൻ നീട്ടൽ (കെ.എസ്.ഇ.ബി, നെമ്മാറ) | 499790/- | 259/16.02.22 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

പൂർത്തീകരണ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7/30.12.22) ലഭിച്ച മറുപടി.

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-16-2 ഡെപ്പോസിറ്റ് വർക്കുകൾ (KWA)- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | 15/22, കൊക്കോട്,ചേന്നാംകോട്, കൽമുക്ക് തുടങ്ങിയ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ-നെന്മാറ ഗ്രാമപഞ്ചായത്ത് | 500000/- | UTR No.RBI3532108327999, Dtd.17.12.21 |
| 2 | 102/22, പുളിക്കൽചിറ, ചീതാവ്, മല്ലൻകുളമ്പ്,കക്കാട്ട്പറമ്പ്, ബ്രാഹ്മണ്യപുരം, വെങ്കലത്തുകാവ്, വെട്ടുത്തുപൊറ്റ, കുറുമ്പൂർ തുടങ്ങിയ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ-അയിലൂർ ഗ്രാമപഞ്ചായത്ത് | 600000/- | UTR No.RBI3532108328000, Dtd.17.12.21 |
| 3 | 176/22, എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ 1,12,13,14 വാർഡുകളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 500000/- | UTR No.RBI0082245537626, Dtd.07.01.22 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

പൂർത്തീകരണ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/31.12.22) ലഭിച്ച മറുപടി.

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ /പുരോഗതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-17 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഉത്തരവിന് വിരുദ്ധമായി സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങി

എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPCRS മുഖേന വാങ്ങുന്നത് നിർബന്ധമാക്കി ഐ.ടി വകുപ്പ് 18.03.2019 തിയതി, ഐ.ടി

സെൽ-1/26/2019/വി.സ.വ സർക്കുലർ ഇറക്കിയിട്ടുണ്ട്.

എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | 173/22 (നെമ്മാറ സി.എച്ച്.സി യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 99675/- |
| ബിൽ നം/തിയതി | 40/21-22, Dt.21.01.22, തുക.99675/- |

നെമ്മാറ സി.എച്ച്.സിയുടെ സുഗമവും കാര്യക്ഷവുമായ പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടറും, പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നതാണ് പ്രോജക്ട്.

നെമ്മാറ സി.എച്ച്.സി യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പി.ബി.എസ് സിസ്റ്റംസ്, നെമ്മാറ & കെ.ബി.എസ് കമ്പ്യൂട്ടറോണിക്സ് , മുടപ്പല്ലൂർ എന്നീ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) Invoice No.KBSC0086/15.12.2021(കെ.ബി.എസ് കമ്പ്യൂട്ടറോണിക്സ്) തുക.9125/-

| വാങ്ങിയ ഉപകരണങ്ങൾ |
|---|
| Rackspace Back4U 350 |
| V-Guard UPS 600VA (N) |
| Printer Usb Cable 3mtrs |

2) Invoice No.92/29.12.2021(പി.ബി.എസ് സിസ്റ്റംസ്) തുക.90550/-

| വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | വില |
|---|---|---|
| HP PC S01-PF | 1 | 28340/- |
| HP PC LED/LCD Monitor 18.5 H | 1 | 8860/- |
| Projector BENQ MS560P H | 1 | 33500/- |
| Projector Screen Tripod6X4 H | 1 | 2950/- |
| Canon Laser LBP 2900 H | 1 | 14100/- |
| Numeric UPS 600VA H | 1 | 2800/- |
| ആകെ | | 90550/- |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/03.01.2023) മറുപടി നൽകിയിട്ടില്ല.

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | 74/22 (നെമ്മാറ സി.എച്ച്.സി ദൈനംദിന ചെലവ് ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 760060/- (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 759937/- |
| ബിൽ നം/തിയതി | 6/21-22, Dt.29.06.21, തുക.236417/- |

നെമ്മാറ സി.എച്ച്.സി യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എം.എസ്. ടെക്ക്നോളജീസ്, ആലത്തൂർ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Invoice No.152/1559/09.06.2021 തുക.48104/-

| വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | വില |
|---|---|---|
| HP Desktop C13 10th Gen, 4GB RAM | 1 | 36658/- |
| EPSON ALL IN ONE INKTANK L3110 | 1 | 11446 |
| ആകെ | | 48104/- |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.21/04.01.2023) മറുപടി നൽകിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിധേയമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPCRS മുഖേന വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സൗഖ്യം പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1) 75/22 (സൗഖ്യം ക്ലിനിക്ക് - പൊതുവിഭാഗം)<br>2) 105/22 (സൗഖ്യം പദ്ധതി - പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 1) 1500000/- (വികസന ഫണ്ട്)<br>2) 739648/- (ധനകാര്യ കമ്മീഷൻ) |
| ചെലവ് | 1) 1500000/- (വികസന ഫണ്ട്)<br>2) 739648/- (ധനകാര്യ കമ്മീഷൻ) |
| ബിൽ നം/തിയതി | 1) 2/11.06.21, ₹894693/-<br>2) 7/16.07.21, ₹66690/-<br>3) 8/16.07.21, ₹9600/-<br>4) 11/12.08.21, ₹66690/-<br>5) 19/17.09.21, ₹66690/-<br>6) 21/13.10.21, ₹66690/-<br>7) 25/10.11.21, ₹66690/-<br>8) 29/10.12.21, ₹66690/-<br>9)36/15.01.22, ₹34050<br>10) 38/21.01.22, ₹67690/-<br>11) 39/21.01.22, ₹28800/-<br>12) 41/09.02.22, ₹50168/-<br>13) 42/09.02.22, ₹24520/-<br>14) 45/15.02.22, ₹514527/-<br>15) 54/17.03.22, ₹76360/- |

| | |
|---|---|
| | 16) 64/27.03.22, ₹80521/-<br>17) 65/27.03.22, ₹3850/-<br>18) 66/27.03.22, ₹43720/-<br>19) 67/27.03.22, ₹11009/- |

നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 60 വയസ്സിനു മുകളിലുള്ള വൃദ്ധർക്ക് മരുന്നു വാങ്ങി നൽകുന്നതിനും ആയതിലേയ്ക്കായി ദിവസ വേതനത്തിൽ ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനെയും നിയമിച്ച് വേതനം നൽകുന്നതാണ് പദ്ധതി.

1) സൗഖ്യം പദ്ധതിയുടെ ഭാഗമായി വൃദ്ധരെ പരിചരിക്കുന്നതിനായി ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനെയും 2021 ഏപ്രിൽ മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവ് , ഭരണസമിതി അംഗീകാരം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) പദ്ധതി നമ്പർ.105 പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 514527/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മരുന്ന് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

3) 75/22 നമ്പർ പദ്ധതി പ്രകാരം 894693/- രൂപ മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ 407527/- രൂപയുടെ മരുന്ന് മാത്രം ലഭിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നത്. ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | തുക |
|---|---:|
| 2591/21.06.21 | 79496/- |
| 2807/24.06.21 | 44027/- |
| 3203/01.07.21 | 135931/- |
| 3886/19.07.21 | 144199/- |
| 4705/04.08.21 | 3874/- |
| ആകെ | 407527/- |

487166 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ മുഴുവൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.18/04.01.23) മറുപടി ലഭിച്ചിട്ടില്ല.

1-19 പ്രിൻ്റർ വാങ്ങൽ - ക്വട്ടേഷൻ മുഖേന നടത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

| പ്രൊജക്ട് | അടങ്കൽ, ചെലവ് | തുക/ബിൽ. നം./തീയതി |
|---|---|---|
| പ്രോജക്ട് നം - 70/22- ക്ഷീര വികസന ഓഫീസിലെ ദൈനംദിന ചെലവുകൾ | അടങ്കൽ - 50000/- (മെയിൻ്റനൻസ് ഫണ്ട്) ചെലവ് 21509/- | 21509 /- ബിൽ നം. 2/21 തീ 26/10/2021 |

മേൽ പ്രോജക്ട് പ്രകാരം നെന്മാറ ക്ഷീരവികസന യൂണിറ്റിന് 2021-22 സാമ്പത്തിക വർഷത്തിൽ ദൈനംദിന ചെലവുകൾക്കായി തുക വകയിരുത്തിയതിൽ ഓഫീസ് ഉപയോഗത്തിനായി പ്രിൻ്റർ ( INK TANK Printer MFD Epson 3170 ) വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ KMR/21-22/561 തീ 22.10.2021 പ്രകാരം കെ. എം . ടെക്നോളജീസ്, വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. മേൽ ബിൽ പ്രകാരം 21509 /- രൂപ അക്കൌണ്ടിലേക്ക് (0685050000177) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

സ്റ്റോർസ് പർച്ചേസ് മാന്വൽ 2013 (ജി.ഒ(പി)നം. 03/2013/എസ്.പി.ഡി തീയതി 21.06.2013) എസ്റ്റിമേറ്റ് തുക 15,000/- രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻക്ഷണിക്കേണ്ടതാണ് ( ഖ.7.6). കുറഞ്ഞത് 3 ക്വട്ടേഷനെങ്കിലും ലഭ്യമാകണം (ഖ.7. 31).

ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയതിന്റെ കാരണവും പ്രിൻറ്റർ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 10-31/12/2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രിൻറ്റർ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും മറുപടിയും ലഭ്യമാക്കേണ്ടതാണ്.

1-20 പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1) 78/22 (പാലിയേറ്റീവ് സെക്കണ്ടറി യൂണിറ്റ്- പൊതുവിഭാഗം)<br>2)106/22 (സെക്കണ്ടറി പാലിയേറ്റീവ് കെയർ(2)- പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | 1) 500000/- (വികസന ഫണ്ട്)<br>2) 500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1) 499746/-<br>2) 498448/- |
